നമ്പർ: 274/2024

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നമ്മുടെ സഭാ മക്കളിൽ പത്താം ക്ലാസ് മുതൽ സർവ്വകലാശാലാ തലം വരെയുള്ള പൊതുപരീക്ഷകളിൽ മികച്ച വിജയം നേടിയവരും, കലാ കായിക രംഗങ്ങളിൽ ജില്ലാതലം മുതൽ മികവ് തെളിയിച്ചവരും, വിവിധ അവാർഡ് ജേതാക്കളുമായ വ്യക്തികളെ അനുമോദിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സഭാ തലത്തിൽ ഒരു മെറിറ്റ് ഈവനിംഗ് 2025 ജനുവരി മാസം 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ശാസ്താംകോട്ട മർ ഏലിയാ ചാപ്പലിൽ വച്ച് സംഘടിപ്പിക്കുന്നതാണ്. നമ്മുടെ എല്ലാ പള്ളികളിൽ നിന്നും 2023-24 അദ്ധ്യയനവർഷത്തിൽ എസ്. എസ്. എൽ. സി., ഹയർ സെക്കൻഡറി, തത്തുല്യ പരീക്ഷകൾ എന്നിവയിൽ എല്ലാ വിഷയങ്ങൾക്കും A+ അല്ലെങ്കിൽ A1 ഗ്രേഡ് നേടിയവരും, മറ്റ് പരീക്ഷകൾക്ക് (ഡിഗ്രി, പി.ജി.) മൂന്നാം റാങ്ക് വരെ നേടിയവരും, കലാ-കായിക രംഗങ്ങളിൽ ആദ്യ മൂന്നു സ്ഥാനങ്ങളിൽ വിജയം വരിച്ചിട്ടുള്ളവരുമായ വ്യക്തികളുടെ വിശദമായ ബയോഡാറ്റ (അഡ്രസ്, പാസ്പോർട്ട് സൈസ് ഫോട്ടോ, മൊബൈൽ നമ്പർ, ഇ-മെയിൽ എന്നിവ ഉൾപ്പെടെ), വികാരിയുടെ സാക്ഷ്യപത്രം, സർട്ടിഫിക്കറ്റിന്റെ കോപ്പികൾ എന്നിവ സഹിതം അസ്സോസിയേഷൻ സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം, കോട്ടയം-686 004 എന്ന വിലാസത്തിൽ 2024 ഡിസംബർ മാസം 15-ാം തീയതിക്ക് മുമ്പായി അയച്ചുകൊടുക്കേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ വി. മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.......

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 നവംബർ മാസം 05-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.